നം.ഇ.എസ് 3-79759/2016/ആ.വ.ഡ.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം : തീയതി.03/10/2017.

# നോട്ടീസ്

വിഷയം - ആ.വ. - 01/01/2017 ന് നിലവിലുള്ള ഹെഡ് നഴ്സുമാരുടെ പ്രിലിമിനറി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന - (1) ഈ ഓഫീസിലെ ഇതേ നം.ഉത്തരവ് തീ.22/06/2017
(2) ജീവനക്കാർ സമർപ്പിച്ച അപ്പീൽ.

01/01/2017 ന് നിലവിലുള്ള ഹെഡ് നഴ്സുമാരുടെ പ്രിലിമിനറി സീനിയോറിട്ടി ലിസ്റ്റ് സൂചന ഒന്ന് (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. സൂചന രണ്ട് (2) പ്രകാരം ധാരാളം ജീവനക്കാർ അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് അർഹമായ സ്ഥാനത്ത് ടി ജീവനക്കാരെ ഉൾപ്പെടുത്തി പുതുക്കിയ പ്രിലിമിനറി ലിസ്റ്റ് ഇതോടൊപ്പം ഉൾപ്പെടുത്തുന്നു. സീനിയോറിട്ടി സ്ഥാനം നിർണ്ണയിക്കപ്പെട്ട (Date assigned for seniority) കോളത്തിൽ രേഖപ്പെടുത്തിയ തീയതിയിൽ ഏതെങ്കിലും ജീവനക്കാർ ദീർഘകാല ശൂന്യവേധനാവധിയിൽ ആയിരുന്നോയെന്ന് സേവന പുസ്തകം ഒത്തുനോക്കി സ്ഥാപനമേധാവികൾ പരിശോധിക്കേണ്ടതാണ്. അവധിയിലായിരുന്നു വെങ്കിൽ തിരികെ സർവ്വീസിൽ പ്രവേശിച്ച തീയതി രേഖപ്പെടുത്തിയ റിപ്പോർട്ട് സ്ഥാപനമേധാവി ജില്ലാ മെഡിക്കൽ ആഫീസർ എന്നിവർ സാക്ഷ്യപ്പെടുത്തി പ്രത്യേക ദൂതൻ മുഖേന 09/10/2017 ന് മുമ്പായി എത്തിച്ചുതരേണ്ടതാണ്.

അതോടൊപ്പം ടി ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയുള്ളതും എന്നാൽ വിട്ടുപോയിട്ടുള്ളതുമായ ജീവനക്കാർ ലിസ്റ്റിനക്കുറിച്ച് എന്തെങ്കിലും പരാതികൾ ബോധിപ്പിക്കാനുള്ളവർ എന്നിവർ വിശദമായ അപ്പീൽ അപേക്ഷ ജില്ലാ മെഡിക്കൽ ആഫീസർ സാക്ഷ്യപ്പെടുത്തി **09/10/2017** ന് മുമ്പായിതന്നെ എത്തിക്കേണ്ടതാണ്.

നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ അപ്പീലുകൾ, റിപ്പോർട്ട് എന്നിവ എത്തിച്ചുതരുന്നതിൽ ജില്ലാ മെഡിക്കൽ ആഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ഒപ്പ്)
ഡോ.ബിന്ദുമോഹൻ
അഡീ.ആരോഗ്യവകുപ്പ് ഡയറക്ടർ (മെഡിക്കൽ)

സ്വീകർത്താവ്,

(1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും/
സ്ഥാപനമേധാവികൾക്കും, (വെബ്സൈറ്റ് മുഖാന്തിരം)

// ഉത്തരവിൻ പ്രകാരം //

സൂപ്രണ്ട്.